**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1361** **01-02-2024 - ൽ മറുപടിയ്ക്ക്**

**പുഴക്കൽ കോൾ ടൂറിസം ഇടനാഴി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വടക്കാഞ്ചേരി മണ്ഡലത്തിൽ അടാട്ട് ഗ്രാമപഞ്ചായത്തിലെ വിലങ്ങൻകുന്ന് താഴ്‌വരയിൽ നിന്നും ആരംഭിക്കുന്ന രീതിയിൽ 'പുഴക്കൽ കോൾ ടൂറിസം ഇടനാഴി' എന്ന പേരിൽ ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (എ) | തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമ പഞ്ചായത്തിലെ പുഴയ്ക്കൽ കോൾ പ്രദേശം നിലമായതിനാൽ കാർഷിക പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകികൊണ്ടുള്ള അഗ്രി ടൂറിസം യൂണിറ്റുകളും, സംസ്ഥാന പാത 69 –ൽ നിന്നും തെക്കോട്ട് പഞ്ചിക്കൽ പാലം വരെയുള്ള കനാലിലും, കോൾ വയലിന്റെ ഇടത്തോടുകളിലും ബോട്ടിങ്/കയാക്കിങ്, വയൽ ബണ്ടുകളിലൂടെ സൈക്കിൾ സവാരി, കോൾ പാടങ്ങളുടെ നടുക്കുള്ള അയനിക്കാട് തുരുത്ത് സന്ദർശനം, പ്രാദേശിക വീടുകളിൽ നിന്നുള്ള ഭക്ഷണം എന്നിവയെല്ലാം ചേർത്തുകൊണ്ടുള്ള വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജ്, പക്ഷി നിരീക്ഷണ പാക്കേജുകൾ എന്നിങ്ങനെയുള്ള ഗ്രാമീണ ടൂറിസം പാക്കേജുകളും ആരംഭിക്കുന്നതിന്റെ സാധ്യതകൾ സംബന്ധിച്ച് ഉത്തരവാദിത്ത ടൂറിസം മിഷൻ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ